**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** — **03-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യമേഖലയിലെ നിയമനിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ ആരോഗ്യമേഖലയിലെ വളർച്ചയ്ക്കും സുരക്ഷയ്ക്കുമായി എത്ര നിയമ നിർമ്മാണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **ചുവടെ ചേർക്കുന്ന മൂന്ന് നിയമ നിർമ്മാണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**കൂടാതെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ(രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ്, കേരള ആരോഗ്യ സുരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും(അക്രമവും സ്വത്തിനുമുള്ള നാശവും തടയൽ)ആക്റ്റ് , കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് എന്നിവയുടെ ഭേദഗതികളും വരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്.**<br><br>**<u>കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ്, 2021</u>**<br><br>**സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച നിയമങ്ങളെ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതി നുമായി 2021-ൽ 'കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ് 2021' പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**<u>2021 ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റ്.</u>**<br><br>**കേരള സംസ്ഥാന മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിലെ (പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനുമായി 2021 ൽ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **കേരള പൊതുജനാരോഗ്യ ആക്ട്, 2023**<br><br>**രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കപ്പുറം ആരോഗ്യം പ്രദാനം ചെയ്യുന്ന സാമൂഹിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുക, രോഗങ്ങൾക്ക് കാരണമാകുന്ന അവസ്ഥകളെ ദുർബലപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുക, കാലാവസ്ഥാ വ്യതിയാനം, മനുഷ്യ-മൃഗ സമ്പർക്കം മുതലായവയുടെ ഭാഗമായി കടന്നുവരാവുന്ന പുതിയ വൈറസുകളെയും രോഗാണുക്കളെയും പകർച്ചവ്യാധികളെയും മഹാമാരികളെയും പ്രതിരോധിക്കുക, വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങളെ തടയുകയും നിയന്ത്രിക്കുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി 28.11.2023 ൽ കേരള പൊതുജനാരോഗ്യ ആക്ട് (2023 ലെ 28–ാം ആക്ട്) വിജ്ഞാപനം ചെയ്തിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള കോഡ് ഗ്രേ പ്രോട്ടോക്കോൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ടോ; മറ്റേതെങ്കിലും സംസ്ഥാനത്ത് പ്രസ്തുത പ്രോട്ടോക്കോൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ആശുപത്രികളിൽ നടക്കുന്ന അക്രമ സംഭവങ്ങൾ തടയുന്നതിനും അതിവേഗം പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനും കോഡ് ഗ്രേ പ്രോട്ടോക്കോൾ സ.ഉ.(കൈ)നം.73/2024/H&FWD തീയതി, 16-03-2024 പ്രകാരം ആശുപത്രികളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>ആശുപത്രി, ജീവനക്കാർ, രോഗികൾ എന്നിവരുടെ സുരക്ഷ ഉറപ്പാക്കാൻ മുൻകൂട്ടി ചെയ്യേണ്ട പ്രവർത്തനങ്ങൾ, അതിക്രമം ഉണ്ടായാൽ സുരക്ഷ ഉറപ്പാക്കാനായുള്ള നടപടിക്രമങ്ങൾ, റിപ്പോർട്ടിംഗ്, തുടർപ്രവർത്തനങ്ങൾ എന്നിവ വിശദമായി പ്രതിപാദിക്കുന്നതാണ് കോഡ് ഗ്രേ പ്രോട്ടോകോൾ. ഇതോടൊപ്പം ജീവനക്കാർക്ക് മാനസിക പിന്തുണ ഉറപ്പാക്കാനും നിയമ പരിരക്ഷ ഉറപ്പാക്കാനുമുള്ള നിർദേശങ്ങളും പ്രോട്ടോകോളിലുണ്ട്. ആരോഗ്യ പ്രവർത്തകർക്കും സുരക്ഷാ ജീവനക്കാർക്കും പ്രത്യേക പരിശീലനങ്ങളും കോഡ് ഗ്രേ പ്രോട്ടോക്കോളിന്റെ ഭാഗമാണ്. സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താൻ കൃത്യമായ ഇടവേളകളിൽ മോക് ഡ്രിൽ സംഘടിപ്പിക്കും. സുരക്ഷ ഉറപ്പാക്കാൻ ആശുപത്രി തലം മുതൽ സംസ്ഥാനതലം വരെ വിവിധ കമ്മിറ്റികളുമുണ്ട്. ആശുപത്രി അതിക്രമങ്ങളെ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് മനോധൈര്യത്തോടുകൂടി ജോലി ചെയ്യാനുമുള്ള അന്തരീക്ഷമൊരുക്കാനും കോഡ് ഗ്രേ പ്രോട്ടോകോൾ വലിയ പങ്ക് വഹിക്കും. അതിക്രമങ്ങൾ ചെറുക്കുന്നതിന് |

എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ബാധകമാകുന്ന തരത്തിലാണ് പ്രോട്ടോകോൾ തയ്യാറാക്കിയത്.

**Code Grey Protocol-ന്റെ പ്രധാന ഘടകങ്ങൾ**

1. ലക്ഷ്യങ്ങൾ

ആശുപത്രികളിൽ നടക്കുന്ന അക്രമ സംഭവങ്ങൾക്ക് നേരത്തെ പ്രതികരിക്കുക.

ആരോഗ്യ പ്രവർത്തകരുടെയും രോഗികളുടെയും ആശുപത്രി വസ്തുക്കളുടെയും സുരക്ഷ ഉറപ്പാക്കുക.

2. പ്രോട്ടോക്കോൾ എങ്ങനെ സജീവമാക്കുന്നു?

രോഗികൾക്കോ, കുടുംബാംഗങ്ങൾക്കോ, ആരോഗ്യ പ്രവർത്തകർക്കോ ഭീഷണി, അക്രമം ഉണ്ടാകുന്ന സാഹചര്യത്തിൽ Code Grey പ്രോട്ടോക്കോൾ സജീവമാക്കും.

3. പ്രതികരണ സംവിധാനം

**തൽക്ഷണ റിപ്പോർട്ട്:** ആശുപത്രി ജീവനക്കാർ അക്രമം കണ്ടാൽ ഉടൻ സെക്യൂരിറ്റി വിഭാഗത്തോട് അറിയിക്കണം.

**ടീം ആക്ടിവേഷൻ:** ആശുപത്രി സുരക്ഷാ ഉദ്യോഗസ്ഥർ, മുതിർന്ന ഡോക്ടർമാർ, മാനേജ്മെന്റ്, ആവശ്യമെങ്കിൽ പൊലീസ് എന്നിവർ ചേർന്ന് സംഭവസ്ഥലത്തെ നിയന്ത്രിക്കും.

**പ്രശ്നപരിഹാരം (De-escalation):** സംഭവം ആശയവിനിമയത്തിലൂടെയും മധ്യസ്ഥതയിലൂടെയും പരിഹരിക്കാൻ ശ്രമിക്കും.

**അടിയന്തിര ഇടപെടൽ:** പ്രശ്നപരിഹാരം സാധ്യമായില്ലെങ്കിൽ, സുരക്ഷാ ജീവനക്കാർ, പൊലീസ് എന്നിവരുടെ സഹായത്തോടെ അവസ്ഥ നിയന്ത്രിക്കും.

4. പരിശീലനം & തയ്യാറെടുപ്പ്

ആശുപത്രി ജീവനക്കാർക്കും സുരക്ഷാ ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകും.

ആത്മരക്ഷാ മാർഗങ്ങൾ, ആശയവിനിമയ തന്ത്രങ്ങൾ, അടിയന്തിര ഇടപെടലുകൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകും.

മോക്ക് ഡ്രില്ലുകൾ (Mock Drills) സംഘടിപ്പിച്ച് പ്രോട്ടോക്കോൾ എത്രത്തോളം പ്രായോഗികമാണെന്ന് വിലയിരുത്തും.

| | | | |
|---|---|---|---|
| | | | 5. പൊലീസ് സഹകരണം<br><br>ആശുപത്രികൾക്കും തദ്ദേശ പൊലീസ് സ്റ്റേഷനുമിടയിൽ സഹകരണം ഉറപ്പാക്കുന്നു.<br><br>കേരള ആരോഗ്യ സേവന വ്യക്തികളും ആശുപത്രികളും (ഹിംസയും സ്വത്ത് നശീകരണവും തടയൽ) ഭേദഗതി നിയമം, 2023 പ്രകാരം ആശുപത്രികളിൽ അക്രമം നടത്തുന്നത് ശിക്ഷാർഹ കുറ്റം ആക്കിയിട്ടുണ്ട്.<br><br>6. പൊതുജന ബോധവത്കരണം<br><br>ആശുപത്രികളിൽ അക്രമ സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന്റെ നിയമപരമായ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പൊതുജനങ്ങളെ ബോധവത്കരിക്കും.<br><br>രോഗികൾ, കുടുംബാംഗങ്ങൾ, ആശുപത്രി ജീവനക്കാർ എന്നിവർക്കിടയിൽ പരസ്പര ബഹുമാനവും വിശ്വാസവുമെല്ലാം ഉണ്ടാക്കാൻ ശ്രമിക്കുന്നു.<br><br>കേരള സർക്കാർ ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾക്കായി "Implementing code grey protocol under DHS" എന്ന സ്കീം ആരംഭിച്ചിട്ടുണ്ട്.<br><br>കേരളം നടപ്പിലാക്കിയ കോഡ് ഗ്രേ പ്രോട്ടോക്കോൾ-ന് സമാനമായി സമഗ്രമായ പ്രോട്ടോക്കോൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ ആശുപത്രികൾ പൂർണ്ണമായും രോഗീ സൗഹൃദമാക്കുന്നതിൽ ജീവനക്കാർ വഹിക്കുന്ന പങ്ക് പരിശോധിച്ചിട്ടുണ്ടോ; | (സി) | ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദം ആക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. രോഗികൾക്കും അവരുടെ കുടുംബത്തിനും മാന്യമായ സ്വാഗതം ഉറപ്പാക്കുവാനും, കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിന് രജിസ്ട്രേഷൻ പ്രക്രിയ നടത്തുന്നതിനും വ്യക്തമായ ആശയവിനിമയം നൽകുന്നതിനും, ആശുപത്രി നയങ്ങൾ, നടപടിക്രമങ്ങൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരങ്ങളും രോഗികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും, ആശുപത്രിയിലെ സപ്പോർട്ടിങ് ജീവനക്കാർ സഹായിക്കുന്നു. രോഗികളോട് സഹാനുഭൂതിയും, അനുകമ്പയും കാണിക്കുന്നതിനും, അവരുടെ ആശങ്കകളും, ഉത്കണ്ഠയും പരിഹരിക്കുന്നതിനും, രോഗനിർണയം, ചികിത്സകൾ, മരുന്നുകൾ എന്നിവയുടെ വ്യക്തമായ വിശദീകരണങ്ങൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും, മെഡിക്കൽ സ്റ്റാഫുകളും, ഡോക്ടർമാരും സുപ്രധാന പങ്ക് വഹിക്കുന്നു.<br><br>നഴ്സിംഗ് സ്റ്റാഫുകൾ രോഗികൾക്ക് വ്യക്തിഗത പരിചരണം നൽകുകയും ഓരോ രോഗികളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള മുൻഗണന നൽകുകയും രോഗികൾക്ക് സാന്ത്വനമേകുകയും, ശുചിത്വവും അണുബാധ നിയന്ത്രണവും ഉറപ്പുവരുത്തുകയും ചെയ്യുന്നു. വീൽചെയറുകൾ ഉൾപ്പെടെ രോഗികൾക്ക് കാര്യക്ഷമമായ സേവനങ്ങൾ ഒരുക്കുന്നതിൽ ഓരോ ആശുപത്രി ജീവനക്കാരും പ്രത്യേക പങ്ക് വഹിക്കുന്നുണ്ട്.<br><br>ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികൾ ജനസൗഹൃദമാക്കുവാനായി ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ, നഴ്സിങ് ഓഫീസർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഓഫീസ് ജീവനക്കാർ, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്കെല്ലാം ജനസൗഹൃദ ആശുപത്രി സമീപനത്തെക്കുറിച്ച് പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഇതോടൊപ്പം ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളിൽ ലഭ്യമായ സംവിധാനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒ.പി വിഭാഗം, ഒ.പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടു കൂടിയ കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ഒബ്സെർവേഷൻ മുറി, ലാബ് സംവിധാനം, ആധുനിക സൗകര്യങ്ങളോടു കൂടിയ ഫാർമസി വിഭാഗം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ എന്നിവയും ഉറപ്പാക്കുന്നു. ഇതോടൊപ്പം ഇഹെൽത്ത് സംവിധാനം വഴി ക്യൂ നിൽക്കാതെ ടോക്കൺ എടുക്കുവാനുള്ള സംവിധാനവും ഓൺലൈനായി അപ്പോയിൻമെന്റ് ബുക്ക് ചെയ്യാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ആരോഗ്യമേഖലയിലെ ജീവനക്കാരുടെയും അവിടെയെത്തുന്ന രോഗികളുടെയും സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്ന തരത്തിൽ സൗഹൃദാന്തരീക്ഷം രൂപപ്പെടുത്തുന്നതിനായി | (ഡി) | **ആശുപത്രി സുരക്ഷയ്ക്കുള്ള മുഖ്യ നടപടികൾ**<br><br><u>1) ഹോസ്പിറ്റൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ (HDMP):</u> |

| | | |
|---|---|---|
| | നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | 14 പ്രധാന സർക്കാർ ആശുപത്രികളിൽ സുരക്ഷാ പദ്ധതി നടപ്പിലാക്കി.<br><br>പ്രത്യേക സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ആശുപത്രി സുരക്ഷ നിയന്ത്രിക്കുന്നു.<br><br>2) കോഡ് ഗ്രേ പ്രോട്ടോക്കോൾ (2024):<br><br>ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി.<br><br>ആശുപത്രികളിൽ അക്രമസംഭവങ്ങൾ തടയാൻ സുരക്ഷാ ക്യാമറ, സുരക്ഷാ ജീവനക്കാർ, അടിയന്തിര നടപടികൾ എന്നിവ ഉറപ്പാക്കുന്നു.<br><br>3) ഫയർ ആന്റ് ഡിസാസ്റ്റർ സേഫ്റ്റി<br><br>ആശുപത്രികളിൽ ഫയർ സേഫ്റ്റി ഓഡിറ്റ്, അഗ്നിശമന പരിശീലനം, അടിയന്തിര സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി.<br><br>4)കേന്ദ്ര-സംസ്ഥാന സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ (NDMA, KSDMA):<br><br>ആശുപത്രി ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി സുരക്ഷാ ബോധവത്കരണം നടത്തുന്നു.<br><br>കൂടുതൽ രോഗബാധ തടയാൻ പുതിയ ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി.<br><br>**രോഗികൾക്കായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**<br><br>1) ICU, HDU & ഓപ്പറേഷൻ തീയേറ്റർ വികസനം:<br><br>താലൂക്ക് ആശുപത്രികളിൽ ICU, HDU (High Dependency Unit), ഡയാലിസിസ് യൂണിറ്റ്, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം എന്നിവ മെച്ചപ്പെടുത്തുന്നു.<br><br>2) പേഷ്യന്റ് ഫ്രണ്ട്‌ലി വെയിറ്റിംഗ് ഏര്യാ ആന്റ് സൈനേജ് സിസ്റ്റം :<br><br>വൈറ്റ് ബോർഡുകൾ, ഡിജിറ്റൽ ഡിസ്‌പ്ലേ ബോർഡുകൾ, ബൈസ്റ്റാൻഡർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.<br><br>അടിയന്തിര വിഭാഗങ്ങൾക്കുള്ള പ്രത്യേക പ്രവേശനം, ചൈൽഡ് - ഫ്രണ്ട്‌ലി ആശുപത്രികൾ എന്നിവ നടപ്പിലാക്കി.<br><br>3) Cleanliness & Infection Control: |

75% ആശുപത്രികളിൽ മികച്ച ശുചിത്വം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു.

അണുനാശിനി നിയന്ത്രണത്തിന് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചു.

4) സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ :

NCD (Non-Communicable Diseases) ക്ലിനിക്, പാലിയേറ്റീവ് ക്ലിനിക്, ഗർഭിണി ക്ലിനിക്, ശ്വാസകോശ രോഗങ്ങൾക്ക് പ്രത്യേക ക്ലിനിക്കുകൾ തുടങ്ങിയവ ആരംഭിച്ചു.

**ആരോഗ്യ പ്രവർത്തകരുടെ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ**

1) ഹെൽത്ത് വർക്കർ ട്രെയിനിംഗ് ആന്റ് ഡിസാസ്റ്റർ റെസ്പോൻസ് :

ആരോഗ്യ ജീവനക്കാർക്ക് അടിയന്തിര പരിശീലനം, സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ, അണുബാധ നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കി.

ആശുപത്രികളിൽ ഏർപ്പെടുത്തിയ പ്രത്യേക സുരക്ഷാ ഓഫീസർമാർ വൈകിയ ഇടപെടലുകൾ ഒഴിവാക്കുന്നു.

2) Workplace Safety & Psychological Support:

ആരോഗ്യപ്രവർത്തകർക്ക് മാനസികാരോഗ്യ സഹായം നൽകുന്ന പ്രത്യേക സെല്ലുകൾ ആരംഭിച്ചു.

ആശുപത്രിയിൽ അക്രമസംഭവങ്ങൾ തടയാൻ പൊലീസ് സഹായം ഉറപ്പാക്കി.

3)മെഡിക്കൽ എക്യുപ്മെന്റ് ആന്റ് പിപിഇ അവയിലബിലിറ്റി (Medical Equipment & PPE Availability) :

ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (PPE, N95 മാസ്ക്, ഗ്ലൗസ്) ഒരുക്കുന്നു.

ജനങ്ങൾക്ക് രോഗീസൗഹൃദമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഇ ഹെൽത്ത് സംവിധാനം എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജീവിതശൈലി സ്ക്രീനിംഗിനായി ശൈലി ആപ്പ് വഴി വിവരശേഖരണം നടന്നുവരുന്നു. കാൻസർ സ്യൂട്ട് വഴി കാൻസർ ചികിത്സയ്ക്കുള്ള തുടർ പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ച് വരുന്നുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം UDID കാർഡുകൾ വിതരണം ചെയ്യുന്ന പ്രവർത്തനം നടന്നുവരുന്നുണ്ട്.

സർക്കാർ മെഡിക്കൽ കോളേജിൽ രോഗികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സിംഗിൾ എൻട്രി എക്സിറ്റ് സിസ്റ്റം നടപ്പിലാക്കുകയും ആശുപത്രിക്ക് ഉള്ളിലും പുറത്തും സി സി ടി വി ക്യാമറ സ്ഥാപിച്ച് ആശുപത്രിയും പരിസരവും തുടർച്ചയായി നിരീക്ഷിക്കുകയും ആശുപത്രിയ്ക്കുള്ളിലും പുറത്തും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ഉറപ്പാക്കുകയും ഇവ നിരീക്ഷിക്കുന്നതിന് സാർജന്റ്മാർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസിന്റെ ഒരു ഔട്ട് പോസ്റ്റ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിച്ച് സുരക്ഷ ഉറപ്പാക്കുന്നുണ്ട്. രാത്രി കാലങ്ങളിൽ ഇതോടൊപ്പം പോലീസിന്റേയും സുരക്ഷ ജീവനക്കാരുടെയും പെട്രോളിംഗും നടന്നു വരുന്നു. തടസ്സമില്ലാത്ത വാഹന ഗതാഗതത്തിനും വാഹന പാർക്കിംഗ് ക്രമീകരിക്കുന്നതിനും ട്രാഫിക് വാർഡൻമാരെ നിയോഗിച്ചിട്ടുണ്ട്.

ആശുപത്രി, മെഡിക്കൽ കോളേജ് ക്യാമ്പസ് എന്നിവിടങ്ങളിലെ ഡാർക് സ്പോർട്ട് കണ്ടെത്തുന്നതിനായി രാത്രികാല സെക്യൂരിറ്റി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രിൻസിപ്പാൾ, സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ സെക്യൂരിറ്റി ഓഡിറ്റിംഗും നടത്തുന്നുണ്ട്.

ആശുപത്രികൾ രോഗി സൗഹൃദമാക്കുന്നതിനായി ചുവടെ പറയുന്ന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് .

പബ്ലിക് അഡ്രസ് സിസ്റ്റം ആശുപത്രികളിൽ നടപ്പിലാക്കി.

രോഗികളുടെ കൂടെയുള്ളവർക്ക് രോഗീ വിവരണം നൽകുന്നതിനായി ബ്രീഫിംഗ് റൂമുകൾ സ്ഥാപിച്ചു .

മെഡിക്കൽ കോളേജ് ആശുപത്രികളിൽ വരുന്ന രോഗികൾക്ക് പരാതി പറയുന്നതിനും അവ പരിഹരിക്കുന്നതിനും പബ്ലിക് ഇൻഫർമേഷൻ ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

രോഗികൾക്കായി കാഷ്വാലിറ്റിയിൽ പി.ആർ.ഒ മാരെയും സോഷ്യൽ വർക്കർമാരെയും നിയോഗിച്ചു.

ആശുപത്രിയിൽ എത്തുന്ന രോഗികൾക്കായി ആവശ്യത്തിന് സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ട്രോളി പുള്ളേഴ്സിനെ നിയമിച്ചിട്ടുണ്ട്.<br><br>ആവശ്യത്തിന് വീൽ ചെയറുകളും ട്രോളികളും ആശുപത്രിയിൽ എത്തുന്ന എല്ലാ രോഗികൾക്കും ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ